പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2261 | 23.01.2014-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി കമ്പനിവൽക്കരണവും കേന്ദ്ര നിലപാടും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| കെ. എസ്. ഇ. ബി.യെ കമ്പനി യാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായി രുന്നു ; വിശദാംശം നൽകുമോ ? | 2003-ലെ ഇലക്ട്രിസിറ്റി നിയമത്തിലെ 131 മുതൽ 134 വരെയുള്ള വകുപ്പുകൾ സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യു ന്നു. അതനുസരിച്ച് 2003 ജൂൺ 10 മുതൽ ഒരു വർഷത്തിനുള്ളിൽ ബോർഡുകളുടെ പുന:സംഘടന നടത്തണമെന്നാണ് നിബന്ധന. എന്നാൽ ആക്ടിലെ വ്യവസ്ഥകൾക്കു വിധേ യമായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ 2008 ജൂൺ 9 വരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ലൈസൻസി എന്ന നിലയ്ക്ക് തുടർന്നു വന്നു. പിന്നീട് കാലാവധി നീട്ടിത്തരുന്നതിന് കേന്ദ്ര സർക്കാർ വിസമ്മതിക്കുകയും ഒടുവിൽ സംസ് ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി 2008 സെപ്റ്റംബർ 24 വരെ ഈ രീതിയിൽ തുടരുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. തുടർന്നും അത്തരത്തിൽ നിലനിൽ ക്കുന്നതിന് കേന്ദ്ര സർക്കാർ സമ്മതം നൽകി ല്ലെന്ന നിലപാട് സ്വീകരിച്ച സാഹചര്യത്തി ലാണ് 2008 സെപ്റ്റംബർ 25 ലെ ഉത്തരവു പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്ത മാക്കിയത്. കൂടാതെ കേന്ദ്രവിഷ്ക്കൃത പദ്ധതി കളായ ആർ. എ. പി. ഡി. ആർ. പി, ആർ. ജി. ജി. വി. വൈ, എൻ. ഇ. എഫ് മുതലായവയുടെയും വൈദ്യുതി വിതരണ കമ്പനികൾക്കായുള്ള സാമ്പത്തിക പുന:സംഘടനാ പദ്ധതിയുടെയും സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്ന തിന് പുന:സംഘടന ഒരു വ്യവസ്ഥയായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.